**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3689** **02-03-2023 - ൽ മറുപടിയ്ക്ക്**

**പരപ്പയിൽ ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ പരപ്പയിൽ ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരളത്തിൽ 75 സ്ഥലങ്ങളിൽ PPP മോഡലിൽ ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയതിൽ കാസർഗോഡ് ജില്ലയിലെ പരപ്പയും (വെള്ളരിക്കുണ്ട്) ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ പുതിയ മാർഗ്ഗ രേഖയുടെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ പരപ്പയിൽ ടെസ്റ്റിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കേണ്ടിയിരിക്കുന്നു. |
| (ബി) | പ്രസ്തുത ടെസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭൂമി ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്കിൽ പരപ്പ വില്ലേജിൽ റീസർവ്വേ നമ്പർ 199 പാർട്ടിൽപ്പെട്ട 1.3558 ഹെക്ടർ (3.35 ഏക്കർ) ഭൂമി ഓട്ടോമേറ്റഡ് ടെസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായാണ് ലഭ്യമാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ